# എടപ്പാൾ ഗ്രാമപഞ്ചായത്ത്

## ആറാം വാർഡ്(പെരുമ്പറമ്പ്)സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**(2018-2019 സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019മാർച്ച് 11 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് -കരട്)**

**തയ്യാറാക്കിയത് :മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ് പൊന്നാനി ബ്ലോക്ക്.**

# <u>സമർപ്പണം ആറാം വാർഡ് ഗ്രാമസഭ മുമ്പാകെ</u>

**തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ നടത്തിയ 2018- 19 വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് 11 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്.. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.**

## ആമുഖം.

ഗ്രാമീണമേഖലയിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2005 സെപ്റ്റംബർ 5 പാർലമെൻറ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാസ്സാക്കി. സ്ത്രീക്കും പുരുഷനും തുല്യ വേതനം ഉറപ്പു വരുത്തുന്നു എന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത. മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട എടപ്പാൾ ഗ്രാമപഞ്ചായത്ത് 23.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. അറബിക്കടലിൽ നിന്നും ഏകദേശം 7 കിലോമീറ്റർ കിഴക്കുമാറി ഭാരതപ്പുഴയിൽ നിന്ന് 6 കിലോമീറ്റർ തെക്കുകിഴക്കും ആയി കിടക്കുന്ന മധ്യ സമതലം ഭൂപ്രകൃതിയാണ് എടപ്പാൾ ഗ്രാമപഞ്ചായത്ത്. ചെറിയ കുന്നുകളും വയലുകളും കായലുകളും സമതലങ്ങളും നിറഞ്ഞതാണ് ഈ പ്രദേശം.കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്. പ്രകൃതിസുന്ദരമായ കായൽ പ്രദേശങ്ങൾ ഈ നാടിന് ഉണ്ട്.പടിഞ്ഞാറ് അതിർത്തി ഭാഗങ്ങളിലും വടക്കുകിഴക്ക് അതിർത്തിയോടു ചേർന്ന് ഏകദേശം 701 ഹെക്ടർ വിസ്തൃതിയിൽ കോൾനിലങ്ങൾ കാണപ്പെടുന്നു. വടക്ക് പെരുമ്പടപ്പ്,കിഴക്ക് കാലടി തെക് വട്ടംകുളം ഗ്രാമ പഞ്ചായത്തും ആണ് സ്ഥിതി ചെയ്യുന്നത്.2011 ലെ സെൻസസ് പ്രകാരം 18232 പുരുഷന്മാരും 18142 സ്ത്രീകളും ആണ് ഉള്ളത്. എടപ്പാൾ ഗ്രാമ പഞ്ചായത്തിൽ ആകെ 19 വാർഡുകളാണുള്ളത്. അതിൽ ആറാം വാർഡ് ആയ പെരുമ്പറമ്പ് ആണ് ഓഡിറ്റിംഗ്കൾക്കായി തെരഞ്ഞെടുത്തത്. പൊതുവേ ജനവാസ കേന്ദ്രങ്ങളായ നിരപ്പാർന്ന പ്രദേശങ്ങളും ചെറു ജലസ്രോതസ്സുകളും കായലുകളും വയലുകളും നിറഞ്ഞതാണ് ഈ പ്രദേശം. വാർഡിലെ പ്രധാന കാർഷിക വിള തെങ്ങാണ് കൂടാതെ വാഴ പച്ചക്കറികൾ കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നു.

# രീതിശാസ്ത്രം

എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡ് ആയ പെരുമ്പറമ്പിൽ സോഷ്യൽ ഓഡിറ്റിങ് പ്രക്രിയയുടെ ഭാഗമായി 2019 ഒക്ടോബർ 3 മുതൽ ഒക്ടോബർ 10 വരെ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനയും നടന്നു. 2018-2019 കാലയളവിൽ 7 പ്രവർത്തികൾ ആണ് നടന്നത്,അതിൽ 4 പ്രവൃത്തികളുടെ ഫയലുകൾ മാത്രമാണ് പരിശോധിച്ചത്.എടപ്പാൾ ഗ്രാമപഞ്ചായത്ത്സെക്രട്ടറി,ഓവർസിയർ,അക്രഡിറ്റഡ്എഞ്ചിനീയർ,അസിസ്റ്റൻറ് എൻജിനീയർ,ഡാറ്റാ എൻട്രി വർക്കേഴ്സ്,വാർഡ് മെമ്പർ,തൊഴിലുറപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എന്നിവരെല്ലാം തന്നെ വളരെയധികം സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. ഫീൽഡ് സന്ദർശനത്തിന് ഭാഗമായി പെരുമ്പറമ്പ് വാർഡിൽ നിന്നും വിവരങ്ങൾ ശേഖരിക്കുമ്പോൾ മേറ്റിൽ നിന്നും,തൊഴിലുറപ്പ് തൊഴിലാളിൽ നിന്നും വളരെ നല്ല സമീപനമാണ് ലഭിച്ചത്. ഫീൽഡ് സന്ദർശന സമയത്ത് സംഘടിപ്പിച്ച തൊഴിലാളികളുടെ മീറ്റിംഗിൽ കഴിയുന്നത്ര അംഗങ്ങളുടെ സാന്നിധ്യം മേറ്റ് ഉറപ്പാക്കി തന്നു.

## തൊഴിലുറപ്പുനിയമം തൊഴിലാളികൾക്ക് ഉറപ്പുനൽകുന്ന പത്ത് അവകാശങ്ങൾ.

1. തൊഴിൽ കാർഡിന് അപേക്ഷിക്കുവാൻ ഉള്ള അവകാശം.
2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശവും അതിനു കൈപ്പറ്റ് രസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ ഉള്ള അവകാശം ആദ്യത്തെ 30 ദിവസം. (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കാനുള്ള അവകാശങ്ങൾ.
5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം ലഭിക്കുവാനുള്ള അവകാശം.
6. കുടിവെള്ളം,വിശ്രമസൗകര്യ,പ്രഥമശുശ്രൂഷസൗകര്യം,ഇവ ലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം.
8. വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം.
9. സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിനുള്ള അവകാശം.
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി.

ആറാം വാഡായ പെരുമ്പറമ്പിൽ ആകെ 316 പേരാണ് തൊഴിൽ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ ഇതിൽ 35 പേർ മാത്രമാണ് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നത്. പല തരത്തിലുള്ള അസുഖങ്ങൾ മൂലവും പ്രായാധിക്യം മൂലം തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായി. കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുള്ള നാല് പദ്ധതികളെ കുറിച്ചുള്ള വിവരങ്ങളാണ് ഇവിടെ വിശദീകരിക്കുന്നത്.

## 7 രജിസ്റ്റർ പരിശോധന സംബന്ധിച്ച്

- തൊഴിൽ കാർഡ് രജിസ്റ്ററിൽ 2018-2019 സാമ്പത്തികവർഷം വരെ തൊഴിലിനു അപേക്ഷിച്ചവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

- തൊഴിൽ കാർഡ് വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 316 പേർക്ക് തൊഴിൽ കാർഡ് നൽകിയതായി കാണാൻ കഴിഞ്ഞു അതിൽ 35 പേരാണ് സ്ഥിരമായി പ്രവർത്തിക്വരാറുള്ളത്

- വർക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ ആറാം വാർഡിലെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കിയ 4 ഫയലുകളും അതിൽ രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞു.

- പരാതി റജിസ്റ്ററിൽ 2016-17 നു ശേഷം ഒരു പരാതികളും രേഖപ്പെടുത്തിയതായി കാണുന്നില്ല.

- തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ച വിവരങ്ങളും തൊഴിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

- തൊഴിലുറപ്പ് വിഭാഗത്തിനായി ഗ്രാമസഭ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ച് രേഖകളിൽ സ്ഥിര ആസ്തി രജിസ്റ്റർ കാണുവാൻ കഴിഞ്ഞിട്ടില്ല.

- തൊഴിലുറപ്പ് ഗ്രാമസഭകളുടെ വിവരങ്ങൾ പഞ്ചായത്തിലെ ഗ്രാമസഭ രജിസ്റ്ററിൽ ആണ് എഴുതി സൂക്ഷിക്കാറുള്ളത്. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികളുടെ മീറ്റിങ്ങിനെ സംബന്ധിക്കുന്ന രേഖകളും ഈ രജിസ്റ്ററിൽ സൂക്ഷിക്കാറുണ്ട്.

## വർക്ക് ഫയലുകൾ.

നാലു പ്രവൃത്തികളുടെ വർക്ക്ഫയലുകൾ പരിശോധിച്ചപ്പോൾ ആനുവൽ മാസ്റ്റർ സർക്കുലർ അദ്ധ്യായം 7 പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 രേഖകളിൽ മൂന്ന് പ്രവർത്തികളിൽ 13 രേഖകളും ഒരു പ്രവർത്തിയിൽ 12 രേഖകളും കാണുവാൻ സാധിച്ചു.

## ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ.

ചെക്ക് ലിസ്റ്റ്,സൈറ്റ്ഡയറി, തുടങ്ങിയ രേഖകൾ മൂന്നു പ്രവർത്തികളുടെ ഫയലിൽ ഉണ്ടായിരുന്നില്ല. ആക്ഷൻ പ്ലാൻ, കൺവെയർജൻസ് ഓഫ് ഫണ്ട്, വർക്ക് അലൊക്കേഷൻ ഫോം, പ്രവൃത്തി എടുത്ത സ്ഥലത്തിൻറെ ഫോട്ടോകൾ,ജിയോടാഗ് രേഖപ്പെടുത്തിയ ഫോട്ടോകൾ സോഷ്യൽ ഓഡിറ്റിംഗ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ, നാലു ഫയലുകളിലും കാണാൻ സാധിച്ചില്ല.

## പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും,മേററും കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ തൊഴിലുറപ്പ് വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എൻജിനീയറും(sudeep) ഓവർസിയർ (ഗീത) ഡാറ്റാ എൻട്രി ഓപ്പറേറ്റർ (നിഷ ഷിജി) വാർഡ് മെമ്പർ ആയ (ശ്രീമതി ഭവാനിയമ്മ) ഇതുകൂടാതെ വാർഡിലെ ഏഴ് അംഗങ്ങളുള്ള വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരും ഉണ്ട്.

## കവർപേജ്.

- കവർ പേജിൽ വർക്കിൻറെ പേര്, വർക്ക് കോഡ്, പഞ്ചായത്ത് പ്രവൃത്തി ആരംഭിച്ച തീയതി, അവസാനിച്ച തീയതി, അടങ്കൽ തുക, ഓവർസിയറുടെ ഒപ്പ്, എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- ജിയോ ടാഗ്, പ്രവർത്തി നടക്കുന്നതിനു മുൻപും ശേഷവും ഉള്ള പ്രവർത്തി സ്ഥലത്തിൻറെ ഫോട്ടോകൾ എന്നിവ ഉണ്ടായിരുന്നില്ല.

## ചെക്ക് ലിസ്റ്റ്.

- പരിശോധിച്ച ഫയലുകളിൽ നാലെണ്ണത്തിൽ ഒന്നിൽ മാത്രമാണ് (പൊതുസ്ഥാപനങ്ങളിലെമണ്ണ്,ജലസംരക്ഷണം,പച്ചക്കറിക്ക്നിലമൊരുക്കൽ, ജി എൽ പി എസ് പെരുമ്പറമ്പ്) ചെക്ക് ലിസ്റ്റ് സൂക്ഷിച്ചിട്ടുള്ളത്.

**ആക്ഷൻപ്ലാൻ കോപ്പി**.

- ❖ പരിശോധിച്ച ഫയലുകളിൽ ഒന്നിലും ആക്ഷൻ പ്ലാനിന് കോപ്പി ഉണ്ടായിരുന്നില്ല.

**എസ്റ്റിമേറ്റ്**.

- ❖ പരിശോധിച്ച്ഫയലുകളിൽ നാലെണ്ണത്തിലും എസ്റ്റിമേറ്റ് കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്.

- ❖ അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്,വിശദമായഎസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ എല്ലാ ഫയലുകളും കാണാൻ സാധിച്ചു.

.

- ❖ തൊഴിലാളി-സാധന ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ, റേറ്റ് അനാലിസിസ്, ലീഡ് ആൻഡ് ലിഫ്റ്റ് വിവരങ്ങൾ, എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- ❖ എല്ലാ രേഖകളിലും ഓവർസിയറുടെയും സീൽ ഒപ്പ് എന്നിവയുണ്ട്. എന്നാൽ ഒരു പ്രവർത്തിയിൽ LD/320573 ഓവർസിയറുടെ ഒപ്പ് കാണാൻ കഴിഞ്ഞില്ല. സീൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

**സാങ്കേതിക അനുമതി**.

- ❖ പരിശോധിച്ച് നാലു ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്.
- ❖ പ്രവ്യത്തിയുടെ പേര്,ഭരണാനുമതി നമ്പർ, അടങ്കൽ തുക, അവിഭക്ത തൊഴിലാളി ദിനങ്ങൾ,വേദനം, എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്
- ❖ അസിസ്റ്റൻറ് എൻജിനീയറുടെയും ഓവർസിയറുടെയും ഒപ്പും സീലും മൂന്നു ഫയലുകളിൽ കാണാൻ കഴിഞ്ഞു, എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.
- ❖ LD/ 320573 ഓവർസിയറുടെ ഒപ്പു ഇല്ലായിരുന്നു, സീൽ മാത്രമാണ് ഉണ്ടായിരുന്നത്.

**ഭരണാനുമതി**.

- ❖ പരിശോധിച്ച ഫയലുകളിൽ എല്ലാം ഭരണാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട്.
- ❖ ഓർഡർ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ മൂന്നു ഫയലുകളിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും കാണുവാൻ സാധിച്ചു. ഒന്നിൽ സെക്രട്ടറിയുടെ സീൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

## മസ്റ്റർറോൾ.

- നാലു ഫയലുകളിൽ മസ്റ്റർഷീറ്റുകൾ ഒന്നിൽ കൂടുതൽ ഉണ്ടായിരുന്നു.
- ഒന്നിലും വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നില്ല.
- മസ്റ്റർ റോൾ നമ്പർ, വർക്ക് കോഡ്, പ്രവർത്തി തുടങ്ങിയ തീയതി, അവസാനിച്ച തീയതി, പ്രിൻറിംഗ് തീയതി, ടെക്നിക്കൽ നമ്പർ-തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ, ഒരു ദിവസത്തെ വേതനം, കാർഡുടമയുടെ ഒപ്പ്, എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- ഫയലുകളിൽ എഫ്.ടി.ഒ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്.
- പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എന്നിവരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.കൂടാതെ മേററിൻടെ പേരും ഒപ്പും കാണാൻ കഴിഞ്ഞു,എന്നാൽ എവിടെയും തീയതികൾ രേഖപ്പെടുത്തിയിട്ടില്ല.

## . വേജ് ലിസ്റ്റ്.

- ഫയലുകളിൽ MIS ൽ നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- മസ്റ്റർറോൾ പിരീഡ് കൃത്യമായി നാല് ഫയലുകളിലും രേഖപ്പെടുത്തിയിട്ടുണ്ട്.
- ബാങ്ക് ഡീറ്റെയിൽസ്,ആധാർ നമ്പർ, തുടങ്ങിയവ വേജ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എഫ് ടി ഒ.

- നാലു ഫയലുകളിൽ ഒന്നിൽ മാത്രമാണ് (പൊതു സ്ഥാപനങ്ങളിലെ മണ്ണ്,ജലസംരക്ഷണം,പച്ചക്കറിക്ക്നിലമൊരുക്കൽ,LD/320573) വിശദമായ എഫ് ടി ഒ റിപ്പോർട്ടുകൾ സൂക്ഷിച്ചിട്ടുള്ളത്

- ആട്ടിൻ കൂട് നിർമ്മാണവുമായി ബന്ധപ്പെട്ട മൂന്നു ഫയലുകളിൽ മസ്റ്റർറോളിനുതാഴെയായി'FTO-നമ്പറും,തീയതിയും രേഖപ്പെടുത്തിയിരിക്കുന്നു.

- എഫ് ടി ഒ വിശദമായി രേഖപ്പെടുത്തിയ ഫയലിൽ ഫണ്ട് പ്രൊസസിംഗ് തീയതി,തൊഴിലാളികൾ,ബാങ്ക് വിവരങ്ങൾ, തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുണ്ട്.

## ഡിമാൻഡ് ഫോം.

- ആറാം വാർഡായ പെരുമ്പറമ്പിൽ പരിശോധിച്ച ഫയലുകളിൽ ആട്ടിൻ കൂട് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള തൊഴിലാളികളുടെ അപേക്ഷ സൂക്ഷിച്ചിട്ടുള്ളത്.

- വാർഡ് മെമ്പറുടെ പേരും ഒപ്പും ഈ മൂന്ന് അപേക്ഷകളിലും കാണാൻ സാധിച്ചു.

## വർക്ക് അലോക്കേഷൻ ഫോം.

- പരിശോധിച്ച് നാലു ഫയലുകളിലും. വർക്ക് അലോക്കേഷൻ ഫോം ഉണ്ടായിരുന്നില്ല..

## മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്.

- തന്നിരിക്കുന്ന നാലു ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് ഉണ്ടായിരുന്നു. എന്നാൽ അതിൽ നമ്പറോ തീയതിയോ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല.

## മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ.

- ആട്ടിൻ കൂട് നിർമാണ വുമായി ബന്ധപ്പെട്ട മൂന്നു ഫയലുകളിൽ മാത്രമാണ് മെറ്റീരിയൽ ലിസ്റ്റ് കാണുവാൻ സാധിച്ചത്.
- കോൺട്രാക്ടർ മുഖേനയാണ് 3 നിർമ്മാണവും നടത്തിയിരിക്കുന്നത്.

## സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ.

- പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങളൊന്നും നാല് ഫയലുകളിലും കാണുവാൻ സാധിച്ചില്ല.

## പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം.

- തന്നിരിക്കുന്ന 4 ഫയലുകളിലും പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഉണ്ടായിരുന്നു എന്നാൽ നാലു ഫയലുകളിലും ഒന്നും തന്നെ എഴുതിച്ചേർത്തു ഉണ്ടായിരുന്നില്ല.

## എം ബുക്ക്.

- തന്നിരിക്കുന്ന എല്ലാ ഫയലുകളിലും എം-ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്

- 2 ഫയലുകളിൽ മാത്രമാണ് അടങ്കൽ തുക യഥാർത്ഥ ചെലവ് ഡിസ്പ്ലേ ബോർഡ് ചാർജ് എന്നിവ രേഖപ്പെടുത്തിയിരുന്നത്.
- നാലു ഫയലുകളിലും ബുക്ക് പ്രവൃത്തിയുടെ പേര് ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. നാലു ഫയലുകളിലും എം ബുക്കിൽ ക്രെഡിറ്റ് എൻജിനീയർ സെക്രട്ടറി എന്നിവരുടെ ഒപ്പും സീലും ഉണ്ടായിരുന്നു.

## ഫോട്ടോഗ്രാഫ്.

- പരിശോധിച്ച് നാലു ഫയലുകളിലും പ്രവൃത്തിയുടെ ഫോട്ടോഗ്രാഫുകൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിരുന്നില്ല എം സി പ്രകാരം ഒരു പ്രവൃത്തിയുടെ 3 ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ് ഫയലിൽ ഉൾപ്പെടുത്തേണ്ടത് ആയിട്ടുണ്ട്.

## ജിയോ ടാഗ് ഫോട്ടോഗ്രാഫ്.

- പരിശോധിച്ച് ഫയലുകളിൽ ഒന്നും ജിയോടാഗ് ഫോട്ടോഗ്രാഫ് കാണാൻ കഴിഞ്ഞിട്ടില്ല.

## സൈറ്റ് ഡയറി.

- പരിശോധിച്ച് ഫയലുകളിൽ ഒന്നിനും മാത്രമാണ് LD/ 320573 സൈറ്റ് ഡയറി. സൂക്ഷിച്ചിട്ടുള്ളത്.

- ചെക്ക് ലിസ്റ്റ്,പ്രൊജക്റ്റ് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

- വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി രണ്ടുപേരുടെ പേരും ഒപ്പും മാത്രമാണ് ഉണ്ടായിരുന്നത് കെഎംസി അനുസരിച്ച് ഏഴ് പേരാണ് വേണ്ടത്.

- ചികിത്സാചെലവ്,തൊഴിലാളികളുടെ സാക്ഷ്യപത്രം പദ്ധതിച്ചെലവ് സന്ദർശക കുറിപ്പ് എന്നിവയിലൊന്നും തന്നെ എഴുതിച്ചേർത്തിട്ടുണ്ടായിരുന്നില്ലാ.

## കണ്ടെത്തലുകൾ.

- എ എം സി പ്രകാരം ഉള്ളവർക്ക് പേജ് സാങ്കേതിക അനുമതി ഭരണാനുമതി എസ്റ്റിമേറ്റ് ട്രോൾ. വേജസ് ലിഫ്റ്റ് എം ബുക്ക് എന്നിവ പരിശോധിച്ച് നാലു ഫയലുകളിലും കാണുവാൻ സാധിച്ചു.

- പൊതു സ്ഥാപനങ്ങളിലെ മണ്ണ് ജലസംരക്ഷണം പച്ചക്കറിക്ക് നിലമൊരുക്കൽ എന്നീ പ്രവർത്തിയിൽ മാത്രമാണ് സൈറ്റ് ഡയറി കാണുവാൻ സാധിച്ചത്.

- ആട്ടിൻ കൂട് നിർമ്മാണം മായി ബന്ധപ്പെട്ട മൂന്നു ഫയലുകളിലെ രണ്ടു ഫയലുകളിൽ എം ബുക്ക് മുഴുവനായും പൂരിപ്പിച്ചു കിട്ടില്ല.

- ഡിസ്പ്ലേ ബോർഡ് ആകെ ചിലവായ തുക എന്നിവ പരിശോധിച്ച് രണ്ടു ഫയലുകളിലെ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

- പരിശോധിച്ച് നാലു ഫയലുകളിലും മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലൊന്നും എഴുതി ചേർത്തിട്ടില്ല.

- ആട്ടിൻ കൂട് നിർമാണ വുമായി ബന്ധപ്പെട്ട മൂന്നു ഫയലുകളിൽ ഗുണഭോക്താക്കൾ തൊഴിൽ ചെയ്തിട്ടില്ല എന്നാണ് ഫയൽ പരിശോധനയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്.

- പരിശോധിച്ച് നാലു ഫയലുകളിലും പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫ് ജിയോ ടെക് ഫോട്ടോഗ്രാഫ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## സി ഐ ബി-യെ കുറിച്ചുള്ള വിവരങ്ങൾ.

- നാലു പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ എല്ലാത്തിലും സി ഐ ബി ബോർഡിന് ഉള്ള തുക എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു ഫയലുകളിൽ മാത്രമാണ് സി ഐ ബി ബോർഡിൻറെ തുക എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

- രണ്ട് പ്രവർത്തി സ്ഥലങ്ങളിൽ( IF/377993-മറിയം മാളിയേക്കൽIF/378 340-അമ്മിണി മാളിയേക്കൽ) എന്നിവരുടെ ആട്ടിൻ കൂട് നിർമ്മാണ സൈറ്റിൽ മാത്രമാണ് സി ഐ ബി ബോർഡ് കാണാൻ സാധിച്ചത്.

- പൊതുസ്ഥലങ്ങളിലെ മണ്ണ് ജല സംരക്ഷണം പച്ചക്കറിക്ക് നിലമൊരുക്കൽ എന്നീ പ്രവർത്തി സ്ഥലങ്ങളിൽ സിഐ ബി ബോർഡ് കാണാൻ സാധിച്ചില്ല. ആട്ടിൻ കൂട് നിർമ്മാണം മറിയം വലിയപറമ്പിൽ (IF/379859) എന്നവരുടെ സി ഐ ബി ബോർഡ് ഭാഗികമായി കാണാൻ സാധിച്ചു.

- സന്ദർശിച്ച പ്രവർത്തി സ്ഥലങ്ങളിൽ ആട്ടിൻ കൂട് നിർമ്മാണ വുമായി ബന്ധപ്പെട്ട മൂന്നു പ്രവർത്തികളിൽ ഒന്നിൽ മാത്രമാണ് നിലവിൽ ആടുകളെ കാണാൻ സാധിച്ചത്.

- വാർഷിക മാസ്റ്റർ സർക്കുലർ അദ്ധ്യായം 10.6,11.7,13- തൊഴിലുറപ്പു നിയമത്തിലെ ഷെഡ്യൂൾ 2 ചാപ്റ്റർ 22.4 എന്നിവ പ്രകാരം

പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ബോർഡ് നിർബന്ധമായും സ്ഥാപിക്കണം എന്ന് പറയുന്നു.

## അവകാശ നിഷേധങ്ങൾ

**<u>തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ.</u>**

- തൊഴിലുറപ്പു നിയമത്തിലെ ഷെഡ്യൂൾ 2 അദ്ധ്യായം 23 വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവർത്തി സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളായ പ്രഥമശുശ്രൂഷ കിറ്റ്, കുടിവെള്ളം ,തണൽ സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭിക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിൻറെ (പഞ്ചായത്ത്)ഉത്തരവാദിത്വമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ നിയമത്തിൻറലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.പ്രഥമശുശ്രൂഷ കിററുകളുടെ അഭാവമാണ് തൊഴിലാളികൾ നേരിടുന്ന വലിയ പ്രശ്നം എന്ന് അറിയാൻ കഴിഞ്ഞു.
- മണ്ണിലും ചെളിയിലും ഇറങ്ങുമ്പോൾ ഉപയോഗിക്കുന്ന ബൂട്ട്, ഗ്ലൗസ് എന്നിവ ഉപയോഗശൂന്യമായി ഇരിക്കുന്നു എന്നാണ് മിക്ക തൊഴിലാളികളും പറയുന്നത്.
- പ്രവർത്തി നടക്കുന്ന സമയത്ത് എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ സ്വന്തം കയ്യിൽ നിന്നും പിരിച്ചെടുക്കുന്ന പണമാണ് മരുന്നുകൾ വാങ്ങാൻ ഉപയോഗിക്കുന്നത്.
- വേനൽക്കാലത്ത് തണൽ നൽകുന്ന ടാർപോളിൻ ഷീറ്റുകൾ ലഭ്യമായിട്ടില്ല. തങ്ങളുടെ കൂട്ടത്തിൽ പണിയെടുക്കുന്ന മിക്കവരും 50 വയസ്സിനുമുകളിൽ പ്രായമുള്ളവരാണ്. അതിനാൽ ഇത്തരം സൗകര്യങ്ങൾ നൽകുന്നതിൽ ഉടൻ നടപടി ഉണ്ടാവണം എന്ന് എല്ലാ തൊഴിലാളികളും ആവശ്യപ്പെടുന്നു.

## വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി.

- ഒരു വാർഡിൽ 7 അംഗങ്ങൾ ഉൾപ്പെടുന്ന വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി ആണ് ഉള്ളത്. വാർഡ് മെമ്പർ,പാടശേഖര സമിതി അംഗങ്ങൾ, തൊഴിലാളികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. പദ്ധതി ആരംഭ മീറ്റിങ്ങുകളിൽ ഇവർ പങ്കെടുക്കാറുണ്ട് എന്നാണ് സൈറ്റ് ഡയറി പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ രണ്ടുപേരുടെ പേരും ഒപ്പും മാത്രമേ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് രേഖയിൽ കാണുവാൻ സാധിച്ചുള്ളു. അതിലൊന്ന് മേറ്റും മറ്റേത് ഒരു തൊഴിലുറപ്പ് തൊഴിലാളിയും ആണ്. തൊഴിലുറപ്പ് നിയമപ്രകാരം ഓരോ ആറ് മാസക്കാലയളവിൽ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ പുതുതായി തിരഞ്ഞെടുക്കേണ്ടത് ഉണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തിൽ പദ്ധതി തുടങ്ങിയ കാലത്തെ കമ്മിറ്റി തന്നെയാണ് ഇന്നും നിലനിൽക്കുന്നത്.

## പരാതി പരിഹാര സംവിധാനം.

- ❖ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഏതുതരത്തിൽ ഉണ്ടാകുന്ന പരാതികളും രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഇതോടൊപ്പം ഏതൊരാൾക്കും ഇതു സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും ടോൾഫ്രീ നമ്പർ(180042510 04) ലഭ്യമാക്കിയിട്ടുണ്ട്.

## നിരീക്ഷണങ്ങൾ

### മേറ്റിനെ സംബന്ധിച്ച നിരീക്ഷണങ്ങൾ

- ❖ പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് മേററായ സെക്കീനയാണ് .തൊഴിലാളികളുടെ അഭിപ്രായങ്ങളിൽ നിന്നും വളരെ അധികം സത്യസന്ധത പുലർത്തുന്ന ആളാണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

- ❖ എന്നാൽ പരാതി കൊടുക്കുന്ന രീതിയെക്കുറിച്ചും പ്രവർത്തിയുടെ പണം അക്കൗണ്ടിലേക്ക് വന്നില്ലെങ്കിൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചും അവർക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ലെന്നു തോന്നി.

- ❖ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി മേറ്റ്മാർക്ക് പ്രാഥമിക പരിജ്ഞാനം നൽകാൻ പഞ്ചായത്തിനു കഴിഞ്ഞാൽ അത് വാർഡിനെറ വികസന പ്രവർത്തനങ്ങളെ നല്ല രീതിയിൽ സ്വാധീനിക്കും.

### തൊഴിൽ കാർഡ് പരിശോധനതൊഴിലാളികളുമായി സംസാരിച്ചതെന്നും മനസ്സിലായ വസ്തുതകൾ

- ❖ 24 തൊഴിലാളികളാണ് മീറ്റിംഗിൽ പങ്കെടുതത്. അവരവരുടെ തൊഴിൽ കാർഡുകൾ തങ്ങളുടെ കയ്യിൽ തന്നെയാണ് സൂക്ഷിക്കാറുള്ളത് എന്ന് തൊഴിലാളികൾ പറഞ്ഞു.

- ❖ തൊഴിൽകാർഡിനെറ പുറകിൽ രേഖപ്പെടുത്തിയ 10 അവകാശങ്ങളെക്കുറിച്ച് അവർക്കെല്ലാം അറിയാമായിരുന്നു.

- ❖ തൊഴിൽ കാർഡുകളിൽ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ, മസ്റ്റർറോൾ നമ്പർ,ലഭിച്ച വേദനം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

- ❖ ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് പരിശോധിച്ച കാർഡുകളിൽ ഒന്നും കാണാൻ കഴിഞ്ഞില്ല.

- ❖ വീടുകളിൽ പ്രവർത്തി എടുക്കുന്നതിന് തൊഴിൽ കാർഡ് നിർബന്ധമാണ് എന്ന നിബന്ധന ഉള്ളതിനാൽ മാത്രം ചില തൊഴിലാളികൾ കാർഡ് എടുത്തിട്ടുണ്ട് എന്നാണ് കാർഡ് പരിശോധനയിൽ നിന്നും വ്യക്തമായത്.

- ❖ പുതിയ തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ഫോട്ടോയുടെ ചെലവ് ഏകദേശം 100 രൂപ തൊഴിലാളികൾ തന്നെയാണ് കൊടുത്തിരിക്കുന്നത് എന്നാൽ അത് പഞ്ചായത്തിൻറെ ഉത്തരവാദിത്വമാണ്.

## പ്രവർത്തികളുടെ തെരഞ്ഞെടുപ്പ് നടപ്പിലാക്കാൻ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

- ❖ വാർഡിലെ ഓഡിറ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാക്കിയ പ്രവർത്തനങ്ങളിൽ ആട്ടിൻകൂട് നിർമാണവുമായി ബന്ധപ്പെട്ട മൂന്ന് പ്രവർത്തികൾ സ്വകാര്യവ്യക്തികൾക്ക് ഏറെ സഹായകമായി.

- ❖ എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ആട്ടിൻകൂടിനെറ പണി പൂർണ്ണമായും കഴിഞ്ഞിട്ടില്ലയിരുന്നു എന്നും താഴത്തെ ഭാഗം ഏകദേശം 5000 രൂപയോളം ചിലവാക്കി ആണ് ശരിയാക്കിയത് എന്നും അമ്മിണി കിഴക്കീട്ടുവളപ്പിൽ പരാതി പറഞ്ഞു.

- ❖ IF/377993 മറിയംമാളിയേക്കൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ആട്ടിൻകൂട്ടിൽ അല്ല ആടുകളെ നിർത്തിയിരിക്കുന്നത്,കിട്ടിയ ആട്ടിൻകൂടിൻറെ പണി ഭാഗികമായി കഴിഞ്ഞിട്ടുള്ളൂ. ആട്ടിൻകൂടിൻറ അഴികൾ തമ്മിലുള്ള അകലം വളരെ കൂടുതലാണ് ആടുകളുടെ ചെവിയും കാലും പുറത്തു പോകുന്ന രീതിയിലാണ് പ്രവർത്തി ചെയ്തിരിക്കുന്നത് എന്നും പരാതിപ്പെട്ടു.

- ❖ ആട്ടിൻകൂട് നിർമ്മാണവുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തിയ മറ്റ് രണ്ടു പ്രവർത്തി സ്ഥലങ്ങളിലും ആടുകളെ കാണാൻ കഴിഞ്ഞില്ല.ആരോഗ്യ സംബന്ധമായ പ്രശ്നങ്ങൾകാരണം ആടുകളെ വിറ്റു എന്നാണ് അറിയാൻ കഴിഞ്ഞത്.

- ❖ പൊതുസ്ഥലങ്ങളിലെ മണ്ണ്, ജലസംരക്ഷണം, പച്ചക്കറിക്ക് നിലമൊരുക്കൽ എന്നീ പ്രവർത്തി നടന്നിരിക്കുന്നത് ജി എൽ പി എസ് പെരുമ്പറമ്പിലാണ്. പദ്ധതിയുടെ നടത്തിപ്പിന് ഭാഗമായി പച്ചക്കറികൃഷി മാത്രമാണ് സന്ദർശനത്തിനു പോയപ്പോൾ കാണുവാൻ സാധിച്ചത്. ആറു മാസത്തിനു മുന്നേ കഴിഞ്ഞ പ്രവൃത്തിയാണിത് അതുകൊണ്ടാണ് മണൽത്തിട്ടകള് കാണാത്തത് എന്ന് സ്കൂളിലെ അധ്യാപിക പറഞ്ഞു,മാത്രമല്ല തൊഴിലാളികൾ വളരെ കാര്യക്ഷമമായി ആണ് സ്കൂളും പരിസരവും വൃത്തിയാക്കി തന്നത് എന്നും അവർ അഭിപ്രായപ്പെട്ടു.

- വാർഡിൽ 35 സജീവ തൊഴിലാളികളാണ് നിലവിലുള്ളത്,തങ്ങൾക്ക് പ്രവൃത്തി ലഭിക്കാൻ കാലതാമസം ഉണ്ടാവാറില്ല എന്നും അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാകുന്നുണ്ട് എന്നും അവർ അഭിപ്രായപ്പെട്ടു.

- വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ദുർബലവിഭാഗങ്ങൾക്ക് പരിഗണന നൽകിയതായി രേഖകൾ പരിശോധിക്കുമ്പോൾ മനസ്സിലായി. എന്നാൽ പല ബിപിഎൽ കുടുംബങ്ങളും ആട്ടിൻ കൂടിന് അപേക്ഷിച്ചിട്ടുണ്ട് ഇന്നേവരെ അതിന് നടപടികൾ ഒന്നും ഉണ്ടായിട്ടില്ല എന്നാണ് ഒരു വിഭാഗം തൊഴിലാളികൾ പറയുന്നത്.

- 2008-ൽ തൊഴിലുറപ്പുപദ്ധതി തുടങ്ങിയപ്പോൾ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ ആണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അതിൽ തന്നെ തങ്ങൾ കൊണ്ടുപോകുന്ന ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നതിനുള്ള ചാർജ് ലഭിക്കുന്നില്ല എന്ന് തൊഴിലാളികൾ പരാതി പറഞ്ഞു

.

- എപ്പോഴും ലഭിക്കുന്നത് മഴക്കുഴി നിർമാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ഒരു തവണ കുഴിയെടുത്ത് സ്ഥലത്ത് തന്നെയാണ് വീണ്ടും കുഴികൾ നിർമിക്കാൻ പറയുന്നത്.

- കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവർത്തികൾ അല്ല ലഭിക്കുന്നത് പലപ്പോഴും തോടുപണി ലഭിക്കുന്നത് മഴക്കാലത്താണ്.

## പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് സ്ഥല പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ.

- പൊതു സ്ഥാപനങ്ങളിലെ മണ്ണ് ,ജലസംരക്ഷണം,പച്ചക്കറിക്ക് നിലമൊരുക്കൽ,എന്ന പദ്ധതിയുടെ പ്രവർത്തി സ്ഥലത്ത് ബണ്ടുക്കളൊന്നും കാണുവാൻ സാധിച്ചില്ല പദ്ധതിയുടെ M-Book-ൽ രണ്ട് ബണ്ടുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

- ആട്ടിൻ കൂട് നിർമ്മാണം പ്രവർത്തിയുടെ പദ്ധതിപ്രകാരം ആട്ടിൻ കൂട്ടിന് ഉണ്ടായിരിക്കേണ്ട നീളം 240 മീറ്റർ വീതി 150 മീറ്റർ ഉയരം 120 മീറ്റർ എന്നിങ്ങനെയാണ്.

- IF/377993 മറിയം മാളിയേക്കൽ ഇനി ആട്ടിൻകുട്ടി നീളം 210 മീറ്റർ വീതി 130 മീറ്റർ ഉയരം 190 മീറ്റർ.IF/378340 അമ്മിണി കിഴകീട്ടവളപ്പിൽ. നീളം 210 മീറ്റർ 130 മീറ്റർ ഉയരം 150 മീറ്റർ.IF/379859 മറിയം വലിയപറമ്പിൽ. നീളം 210 മീറ്റർ വീതി 130 മീറ്റർ ഉയരം 180 മീറ്റർ എന്നിങ്ങനെയാണ്.

- പൊതു ആസ്തികളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി ചെയ്ത പ്രവർത്തി യായ പൊതു സ്ഥാപനങ്ങളിലെ മണ്ണ് ജലസംരക്ഷണം പച്ചക്കറിക്ക് നിലമൊരുക്കൽ മാതൃകാപരമായ ഒരു പ്രവർത്തിയാണ്.

- വ്യക്തിഗത ഗുണഭോക്താക്കൾ വരുന്ന പ്രവർത്തി യായ ആട്ടിന്കൂട് നിർമ്മാണത്തിൽ ഗുണഭോക്തൃ വിഹിതം കൂടി ചെലവഴിച്ചത് ആസ്തികൾ മെച്ചപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

- സന്ദർശനം നടത്തിയ നാല് പ്രവർത്തനങ്ങളിൽ രണ്ടു പ്രവർത്തി സ്ഥലങ്ങളിൽ ഐ എഫ് നമ്പർ 377 993 ഐ എഫ് 378 340 സിബിഐ ബോർഡ് മാത്രമാണ് കാണുവാൻ സാധിച്ചത്. മറ്റു രണ്ടു പ്രവർത്തി സ്ഥലങ്ങളിൽ ഐ എഫ് ആർ 379 859 ഭാഗികമായേ കാണാൻ കഴിഞ്ഞുള്ളൂ. എൽ ഡി 320 573 സിഐ ബോർഡ് എവിടെയും കാണുവാൻ സാധിച്ചില്ല.

- സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ പ്രവർത്തികൾ നടക്കുമ്പോൾ ഉടമസ്ഥരും കൂടി മണിക്ക് ഇറങ്ങണം എന്ന് നിയമം ഉണ്ടെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല എന്നാണ് ആട്ടിന്കൂട് ഗുണഭോക്താക്കളും ആയി സംസാരിച്ചപ്പോൾ മനസ്സിലായത്.

## പ്രവർത്തിയുടെ ഗുണമേന്മ സംബന്ധിച്ച് നിരീക്ഷണങ്ങൾ.

- എൽ ഡി ബാർ 320 573 പൊതു സ്ഥാപനങ്ങളിലെ മണ്ണ് ജലസംരക്ഷണം പച്ചക്കറിക്ക് നിലമൊരുക്കൽ എന്ന പ്രവർത്തി വളരെ നല്ല രീതിയിൽ ആണ് നടത്തിയിരിക്കുന്നത്. സ്കൂൾ ഗ്രൗണ്ടിൽ നാലിലധികം സ്ഥലങ്ങളിലായി പച്ചക്കറികൃഷി കാണുവാൻ സാധിച്ചു മാത്രമല്ല പദ്ധതിയെക്കുറിച്ച് അധ്യാപകർ വളരെ നല്ല അഭിപ്രായങ്ങളാണ് പറഞ്ഞത്. മറ്റു മൂന്ന് പ്രവർത്തികളും ആട്ടിൻ കൂട് നിർമ്മാണം ആയി ബന്ധപ്പെട്ടതാണ് സന്ദർശന സ്ഥലങ്ങളിലെ ആട്ടിന്കൂട് വളരെ മികച്ചതാണ് എന്നാൽ അത് വാസയോഗ്യം ആകണമെങ്കിൽ ഗുണഭോക്താക്കൾ തങ്ങളുടെ ചെലവിൽ ബാക്കി പണി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അത് ചെയ്യാൻ കഴിയുന്നില്ല.

### മെറ്റീരിയൽ വർക്ക് സംബന്ധിച്ച് നിരീക്ഷണങ്ങൾ.

- പരിശോധിച്ച് നാലു ഫയലുകളിൽ ആട്ടിൻ കൂട് നിർമ്മാണം ആയി ബന്ധപ്പെട്ട മൂന്നു ഫയലുകളിൽ ഐ എഫ് 178 340 ഐ എഫ് 377 993 ഐഎഫ് 379 859 മാത്രമാണ് മെറ്റീരിയൽസ് ലിസ്റ്റ് കാണുവാൻ സാധിച്ചത്. എന്നാൽ അതിൽ രേഖപ്പെടുത്തിയിരിക്കുന്നത് കോൺട്രാക്ടറുടെ പേര് ബാങ്ക് വിവരങ്ങൾ തുടങ്ങിയവയാണ് I320 573 പൊതു സ്ഥാപനങ്ങളിലെ മണ്ണ് ജലസംരക്ഷണം പച്ചക്കറിക്ക് നിലമൊരുക്കൽ എന്ന ഫയലിൽ മെറ്റീരിയൽ ലിസ്റ്റ് കാണുവാൻ സാധിച്ചില്ല.

## സംയോജിത പദ്ധതികൾ സംബന്ധിച്ച് നിരീക്ഷണങ്ങൾ.

- ആട്ടിൻ കൂട് നിർമാണ വുമായി ബന്ധപ്പെട്ട മൂന്ന് പ്രവർത്തികളും പ്രായോഗികതലത്തിൽ സംയോജിത. സ്വഭാവമുള്ളതാണ്. ഗുണഭോക്തൃ വിഹിതം അടക്കം ചെലവഴിച്ച ഉയർന്ന ഗുണനിലവാരത്തിൽ തയ്യാറാക്കാവുന്നതാണ്. എന്നാൽ ഫയലുകൾ ഒന്നും അപ്രകാരം അതിൽ എല്ലാ ചെയ്തിരിക്കുന്നത് രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ വിരളമായേ കാണാൻ സാധിച്ചിട്ടുള്ളൂ.

## പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് അഭിപ്രായങ്ങൾ നിരീക്ഷണങ്ങൾ.

- കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കായലുകളുടെയും കുളത്തിനും സംരക്ഷണം സ്കൂളിനോട് പൊതുസ്ഥാപനങ്ങളും ചേർന്നുള്ള കിണർ നിർമ്മാണം എന്നിവ പദ്ധതികൾ ഉൾപ്പെടുത്താവുന്നതാണ്.

### ഓഡിറ്റ് ടീം

**സുബീഷ് ഇ പി.**
**രാജിത കെ.**
**സബിത എം പി.**
**ശാന്തികൃഷ്ണ പി**

**അനുബന്ധം.**

- പ്രവൃത്തി സ്ഥലത്ത് സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള തൊഴിലാളികളുടെ അപേക്ഷ.

06/10/19
നായർ

എടപ്പാൾ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് തൊഴിലാളികളായ ഞങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ മുൻപാകെ സമർപ്പിക്കുന്ന പൊതുവായ പരാതികൾ

- 2008-ൽ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയപ്പോൾ ഉപയോഗിച്ചിരുന്ന ആയുധങ്ങളാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അതിൽ തന്നെ ഞങ്ങൾ കൊണ്ടുപോകുന്ന ആയുധങ്ങൾ മൂർച്ചകൂട്ടുന്നതിനുള്ള ചാർജ് ലഭിക്കുന്നില്ല.
- എപ്പോഴും ലഭിക്കുന്നത് മഴക്കുഴി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ഒരു തവണ കുഴി എടുത്ത സ്ഥലത്ത് തന്നെയാണ് വീണ്ടും കുഴികൾ നിർമ്മിക്കാൻ പറയുന്നത്.
- പ്രവൃത്തി സ്ഥലത്ത് ആവിശ്യമായ ബൂട്ട്സ്, ഗ്ലൗസ്, പ്രഥമ ശുശ്രൂഷ സംവിധാനങ്ങൾ എന്നിവ ആവിശ്യത്തിനു ലഭ്യമല്ല.
- കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തികളല്ല പലപ്പോഴും ലഭിക്കുന്നത് (തെങ്ങുപണി ലഭിക്കുന്നത് മഴക്കാലത്ത്)

ഞങ്ങളുടെ ഇത്തരം പരാതികൾക്ക്

ഉടനടി നടപടി സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

1. എൻ.കെ ദേവയാനി KL-05-010-001-00656
2. കല്യാണിയമ്മ
3. ശാന്തിമ്മ KL-05-010-001-00659
4. സാബിറ
5. അനിതകുമാരി
6. ലത
7. കല്യാണി
8. വിജയ
9. കുഞ്ഞുമ്മു
10. തങ്കമണി
11. ഗിരിജ
12. മീനാക്ഷി
13. ഷീബ
14. നീലി
15. തങ്കവേലായുധൻ
16. ഷീജ
17. മറിയംബീവി

| | | |
|---|---|---|
| 18 | ചെമ്പി | |
| 19 | ജാനകി | |
| 20 | വാസന്തി | |
| 21 | തങ്ക | |
| 22 | യശോദ | |
| 23 | മാളുക്കുട്ടി | |
| 24 | സുനിത | |
| 25 | സക്കീന (ADS) | |

---

❖ ആട്ടിൻ കൂട് ഉപയോഗപ്രദമായ രീതിയിൽ നിർമിച്ചു തരണമെന്ന് മറിയം മാളിയേക്കൽൻറെ പരാതി (IF/377993)

04-10-2019

മറിയം മാളിയേക്കൽ എന്ന ഞാൻ 2019-2020-ൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ആട്ടിൻകൂട് വാസയോഗ്യമല്ലാ-ത്തതിനാൽ ഇരുമ്പ് ഷീറ്റിന്മേൽ പലക വെച്ച് അടിച്ചുകൊടുത്താൽ മാത്രമേ ഉപയോഗിക്കാനാവുകയുള്ളൂ. ആയതിനാൽ എനിക്ക് ഷീറ്റിന്മേൽ പലകയിട്ടുതരണ-ന്ന് അപേക്ഷിക്കുന്നു.

സ്ഥലം: പെരുമ്പറമ്പ്

പേര്: മറിയം മാളിയേക്കൽ
ഒപ്പ്:
Phone: 8943423029

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ ഫൈനൽ റിപ്പോർട്ട്- പെരുമ്പറമ്പ്

13/10/19 ഞായർ ജി എൽപി സ്കൂൾ പെരുപറമ്പിൽ വെച്ചു കാലത്ത് 11:30 ന് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ സങ്കടിപ്പിച്ചു. തൊഴിലാളികളിൽ നിന്നും ജയലക്ഷ്മി എന്ന തൊഴിലാളിയെ അധ്യക്ഷ സ്ഥാനത്തെക്കു എല്ലാവരുടെയും സമ്മതത്തോടെ തിരഞ്ഞെടുത്തു. ശേഷം അധ്യക്ഷ എല്ലാവരെയും ഗ്രാമസഭയിലേക് സ്വാഗതം ചെയ്തു. AEO യുടെ സാന്നിത്യത്തിൽ ( സുധീപ്) പെരുമ്പറമ്പിലെ 2018-19 സാമ്പത്തിക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് VRP രാജിത അവതരിപ്പിച്ചു. ശേഷം സഭ യിൽ ആദ്യം ചർച്ച ചെയ്ത വിഷയം പഞ്ചായത്തിൽ നിന്നും നിർമിച്ചു നൽകിയ ആട്ടിൻ കുടിന്റെ അപാകതകളെ കുറിച്ചായിരുന്നു. ശ്രീമതി മറിയും മാളിയേക്കലാണ് പരാതി ഉന്നയിച്ചത്, കുടിന്റ ഇരുമ്പഴികൾ അകലത്തിൽ ആയതിനാൽ ആടുകളെ സുരക്ഷിതമായി നിർത്താൻ കഴിയുന്നില്ല എന്നാണ് പരാതി. മറ്റു വാർഡ്കൾക്കും ഇതു പോലത്തെ കുടു തന്നെയാണ് അനുവദിച്ചത് എന്നും അവരാരും പരാതി പറഞ്ഞിട്ടില്ല എന്നും കൂടാതെ അവർ കുടിനെ താഴെ നെറ്റുകൾ അടിച്ചാണ് ആടുകളെ സുരക്ഷിതമായി നിർത്തിയിരിക്കുന്നത് എന്നും AEO മറുപടി പറഞ്ഞു. മറിയം വലിയ പറമ്പിൽ, അമ്മിണി കിഴക്കേട്ടുവളപ്പിൽ എന്നിവർക്ക് ലഭിച്ച ആട്ടിൻകുടിൽ ആടുകൾ ഇല്ല എന്നു മറ്റു തൊഴിലാളി കൾ പരാതി പറഞ്ഞു. മൂന്നു കൂടുകളാണ് എല്ലാം വാർഡിലെക്കും പാസാക്കുന്നത്,എല്ലാം മാനദണ്ഡങ്ങളും നോക്കിയാണ് ഉപപോക്തവിനെ കണ്ടെത്തിയത്,നിലവിൽ പുതിയകുടു അനുവദിക്കാൻ സാധ്യമല്ല. എന്നാൽ കുടു ലഭിച്ചവർ കുടു വേണ്ട എന്നു പഞ്ചായത്തിൽ എഴുതി തന്നാൽ പുതിയ ആൾക്കാരെ പരിഗണിക്കാൻ കഴിയുകയുള്ളൂ എന്ന് AEO മറുപടി പറഞ്ഞു. ശേഷം വേസ്റ്റ് കുഴി നിർമാണത്തെ കുറിച്ചുള്ള പരാതിയാണ് തൊഴിലാളികൾ പറഞ്ഞത്. എപ്പോഴും കുഴി നിർമാണം മാത്രമാണ് ലഭിക്കുന്നത്. മറ്റു പ്രവർത്തികൾ കൂടി അനുവദിക്കണം എന്നും പറഞ്ഞു. തൊഴിൽ തൊഴിലാളികൾ കണ്ടത്തി പറയണമെന്നു AEOപറഞ്ഞു കൂടതെ കുഴികുത്തുമ്പോൾ അതിന്റെ അളവ് നോക്കിയാണ് പല ജില്ലകളിലും കൂലി തിരുമാനിക്കുന്നതെന്നും മസ്ട്രോളിൽ പറഞ്ഞ അളവ് കറക്റ്റ് ആണെങ്കിൽ മാത്രമേ മുഴുവൻ കൂലിയും കിട്ടുള്ളു എന്നും AEO കൂട്ടിച്ചേർത്തു.മസ്ട്രോളിൽ പറഞ്ഞ കുഴികുത്താൻ 50 വയസിനുമുകളിൽ പ്റായമുള്ള തൊഴിലാളികളെ കൊണ്ടു പറ്റില്ല എന്നു തൊഴിലാളികൾ പറഞ്ഞു. തുടർന്ന് തൊഴിലാളികൾ അറിഞ്ഞിരിക്കേണ്ട എസ്റ്റിമേറ്റിലെ അളവുകളെ കുറിച്ച് ഡീറ്റെയിൽഡായി AEO പറഞ്ഞു കൊടുത്തു. കൂടതെ സീസണൽ വർക്കിലെ പരാതി അവർ ഉന്നയിച്ചു. തോടുപണി തുടങ്ങുന്നത് മഴകാലത്താണ്. അതു കൊണ്ട് പണി പൂർത്തി യാക്കാൻ കഴിയുന്നില്ല എന്നവർ പറഞ്ഞു, മാർച്ച്, ഏപ്രിൽ മാസമാണ് തോടുവർക്ക് സ്റ്റാർട്ട് ചെയ്യുന്നത്. അപ്പോഴേക്കും എല്ലാതൊഴിലാളികളും നൂറു തൊഴിൽ ദിനം പൂർത്തിയാക്കും.ഇനി തോടു പണി ചെയ്യാൻ താല്പര്യം ഉണ്ടകിൽ 75 തൊഴിൽ ദിനം കഴിഞ്ഞാൽ എല്ലാവരും ലീവ് എടുത്ത് തൊടുവർക്ക് തുടഞുന്നത് വരെ കാത്തിരിക്കാൻ തയാറാണോ എന്ന് AEO ചോദിച്ചു.പക്ഷെ അതാർക്കും അഗീകരിക്കാൻ കഴിഞ്ഞില്ല. ശേഷം അവർ ഉന്നയിച്ച അടുത്ത പരാതി അവർക്കു ഷാർപ്പണിങ് ചാർജ് ലഭിക്കുന്നില്ല എന്നാണ്. ഷാർപ്പണിങ് ചാർജ് എല്ലാവർക്കും ലഭിക്കുന്നുണ്ട് എന്ന് മേറ്റ് സകീന പറഞ്ഞു. ഇപ്പോൾ

മൂന്നു ആഴ്ചയായി കിട്ടുന്നില്ലന്നു പറഞ്ഞു. ഷാ ർപ്പണിങ് ചാർജ് കിട്ടുന്നില്ല എന്നു പരാതി ഉള്ളവർ ബാങ്ക് പാസ്സ് ബുക്ക് മായി പഞ്ചായത്തിൽ വരാനും അവിടെ വെച്ചു ചെക്ക് ചെയാം എന്നും എഇഒ പറഞ്്ു.വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ആക്റ്റീവ് അല്ല എന്നു കണ്ടെത്തി തുടർന്ന് പുതിയ കമ്മിറ്റി രൂപീകരിക്കാൻ നിർദേശം നൽകി. ഓരോ 6 മാസം കൂടുമ്പോഴും പുതിയ കമ്മിറ്റി രൂപീകരിക്കണം എന്നും BRP Anju പറഞ്ഞു. തുടർന്ന് അപകടം നടന്നാൽ എടുക്കേണ്ട അടിയന്തിര നടപടികളെ കുറിച്ച് എഇഒ വിശദീകരിച്ചു കൊടുത്തു. ശേഷം VRP സബിത ഗ്രാമസഭയിൽ ഉണ്ടായ തിരുമാനങ്ങൾ അവതരിപ്പിച്ചു. VRP സുബീഷ് തൊഴിൽ കാർഡ് സൂക്ഷിക്കുന്നതിനെ കുറിച്ചും പൂരിപ്പിക്കുന്നതിനെ കുറിച്ചും വിവരിച്ചു കൊടുത്തു. തൊഴിലുമായി ബന്ധപ്പെട്ട പരാതികൾ ആരും തന്നെ പഞ്ചായത്തിൽ പറയുന്നില്ല എന്നും 2016 ലാണ് അവസാനത്തെ പരാതി കിട്ടിയതെന്നും. VRP ശാന്തി പറഞ്ഞു.എല്ലാവരും പരാതികൾ റിപ്പോർട്ട് ചെയ്യണം എന്നും അതിന്റെ ആവശ്യകതെയെ കുറിച്ചും VRP ശാന്തി വിവരിച്ചു. ശേഷം വാർഡ് മെബർ ഭവാനിയമ്മ മറുപടി പറഞ്ഞു.മേറ്റ് സക്കീനയുടെ നന്ദി പ്രസംഗത്തോടുകൂടി അധ്യക്ഷ ജയലക്ഷ്മി ഗ്രാമസഭ പിരിച്ചുവിട്ടു.

## ഗ്രാമസഭയിൽ ഉണ്ടായ പ്രധാന തീരുമാനങ്ങൾ

- ഫസ്റ്റ് aid കിറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വികരിച്ചു.
- ഷാർപ്പണിങ് ചാർജ് അടുത്ത മസ്‌ട്രോള് മുതൽ കൃത്യമായി രേഖ പെടുത്താൻ തീരുമാനം മായി.
- ജോലി സ്ഥലത്തെ അപകടങ്ങൾക്കു മെഡിക്കൽ ക്ലെയിം അനുവദിക്കാൻ സ്വികരിക്കേണ്ട നടപടികളെ കുറിച്ച് തൊഴിലാളികളെ ബോധവാന്മാരാക്കി.
- എല്ലാവർക്കും 100 തൊഴിൽ ദിനം ഉറപ്പു നൽകി.
- സീസണൽ വർക്ക് അനുസരിച്ചുള്ള പണി ലഭ്യമാക്കാൻ തീരുമാനമായി.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി പുതിയത് രൂപീകരിക്കാൻ തീരുമാനമായി.
- നിർബന്ധമായും CIB ബോർഡ് സ്ഥാപിക്കണം എന്നു നിർദേശിച്ചു.